# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കേളകം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/325/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 25/04/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കേളകം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കേളകം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കേളകം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/325/2022 തീയ്യതി: 25/04/2022

## കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-03-2021 മുതൽ 15-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 23-03-2021 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 16-02-2022 | 24-02-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-02-2022 | 24-02-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. പ്രദീപ് കുമാർ.എം, ഓഡിറ്റ് ഓഫിസർ
ശ്രീമതി. വിപിന വത്സരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീ. ആൽബർട്ട് ജോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ശ്രീജ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മൈഥിലി രമണൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ.സി.ടി. അനീഷ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.വിനോദ് പി.കെ. | സെക്രട്ടറി | 01-04-2020 | 10-03-2021 |
| ശ്രീമതി സിനി പി.പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.യോഷ്വ.എം.സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.ഭാഗീരഥി.സി.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 23-06-2020 |
| ശ്രീ.സുരേഷ് കുമാർ .സി.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 24-06-2020 | 19-10-2020 |
| ശ്രീ.പ്രശാന്ത്.എം.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 20-10-2020 | 31-03-2021 |
| ശ്രീ.ജേക്കബ് ഷിമോൻ | കൃഷി ഓഫീസർ | 01-04-2020 | 11-09-2020 |
| വിനോദ് വി.ജെ | കൃഷി ഓഫീസർ | 12-09-2020 | 12-10-2020 |
| സുനിൽ കെ.ജി | കൃഷി ഓഫീസർ | 13-10-2020 | 31-03-2021 |
| ഡോ.സുബിത് ഭാസ്ക്കർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.മനോജ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 18-02-2021 |
| ഡോ.അഞ്ജു വൽസൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 19-02-2021 | 31-03-2021 |
| ഡോ. എബി.അബ്രഹാം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 15-11-2020 |
| ഡോ.ഹരിപ്രിയ | മെഡിക്കൽ | 16-11-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ (ആയുർവേദം) | | |
| ശ്രീ.സങ്കേത് | വി.ഇ.ഒ (കേളകം) | 01-04-2020 | 31-03-2021 |
| ശ്രീ.അജിത്കുമാർ | വി.ഇ.ഒ (അടക്കാത്തോട് ) | 01-04-2020 | 31-03-2021 |
| ഡോ.നീതു.പി.കെ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഗീതാകുമാരി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 16-11-2020 |
| ശ്രീമതി. ലക്ഷ്മിക്കുട്ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17-11-2020 | 31-03-2021 |
| ശ്രീമതി. കുമാരി.പി.കെ | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി.പ്രീത.പി.വി | ഫിഷറീസ് സബ് ഇൻസ്പക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.ഷിന്റോ അലക്സ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

ശ്രീ.വിനോദ്.പി.കെ, സെക്രട്ടറി, ശ്രീ.പ്രശാന്ത്.എം.ടി, അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീ.സുനിൽ.കെ.ജി, കൃഷി ഓഫീസർ എന്നിവരടങ്ങിയ ഭരണ നിർവ്വഹണ കമ്മിറ്റിയാണ് 12.11.2020 മുതൽ 29.12.2020 വരെ ഭരണ നിർവ്വഹണം നടത്തിയത്.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Pradeep Kumar M (Audit Officer, On 27-02-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 27-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക.<br>Written By: Sreeja.K (Auditor, On 24-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 12-04-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Sreeja.K (Auditor, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-04-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sreeja.K (Auditor, On 24-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Sreeja.K (Auditor, On 24-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Pradeep Kumar M (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Pradeep Kumar M (Audit Officer, On 28-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Pradeep Kumar M (Audit Officer, On 27-02-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 27-02-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Pradeep Kumar M (Audit Officer, On 27-02-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 27-02-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Pradeep Kumar M (Audit Officer, On 27-02-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 27-02-2022) | 1-9 |
| 11 | ആസ്തി പരിപാലനം<br>Written By: Pradeep Kumar M (Audit Officer, On 02-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-04-2022) | 1-10 |
| 12 | റദ്ദാക്കിയ രസീത് പ്രകാരം വരവ് ചേർത്തു<br>Written By: Sreeja.K (Auditor, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-04-2022) | 1-11 |
| 13 | തൊഴിൽ നികുതി - അപാകങ്ങൾ<br>Written By: Sreeja.K (Auditor, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 1-12 |
| 14 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്<br>Written By: Sreeja.K (Auditor, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 1-13 |
| 15 | ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Pradeep Kumar M (Audit Officer, On 02-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 1-14 |
| 16 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല<br>Written By: Sreeja.K (Auditor, On 27-02-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 02-03-2022) | 1-15 |
| 17 | കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -കെൽട്രോണിന് ₹4593അധികം നൽകി | 1-16 |

| | | |
|---|---|---|
| | Written By: Vipina Valsaraj (Senior Grade Auditor, On 25-02-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 02-03-2022) | |
| 18 | മഴക്കാല പൂർവ ശുചീകരണം തുക വിനിയോഗിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.₹1,95,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vipina Valsaraj (Senior Grade Auditor, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 1-17 |
| 19 | ഐ.കെ.എം ന് വിഹിതം നൽകൽ-കൈപ്പറ്റ് രസീതും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.<br>Written By: Vipina Valsaraj (Senior Grade Auditor, On 25-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 1-18 |
| 20 | കുടിവെള്ള വിതരണം അപാകങ്ങൾ<br>Written By: Vipina Valsaraj (Senior Grade Auditor, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 1-19 |
| 21 | PHC യിലേക്ക് മരുന്ന് വാങ്ങൽ ₹195379 മരുന്ന് ലഭ്യമായില്ല<br>Written By: Albert Jose (Senior Grade Auditor, On 28-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 1-20 |
| 22 | ജീവൻ രക്ഷ മരുന്ന് വാങ്ങൽ ₹69305 മരുന്ന് ലഭ്യമായില്ല<br>Written By: Albert Jose (Senior Grade Auditor, On 28-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 1-21 |
| 23 | ഗവ.ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ - എൻ.എ.സി ലഭ്യമാക്കിയിട്ടില്ല.<br>Written By: Pradeep Kumar M (Audit Officer, On 02-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 1-22 |
| 24 | സാമൂഹ്യസുരക്ഷാമിഷന് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രവും കൈപ്പറ്റ് രസീതും ലഭ്യമാക്കിയിട്ടില്ല.<br>Written By: Vipina Valsaraj (Senior Grade Auditor, On 25-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 1-23 |
| 25 | ന്യൂട്രിമിക്സ് ഗുണനിലവാരപരിശോധന നടത്തുന്നില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 1-24 |
| 26 | 2020-21- ഏഴാം ക്ലാസ് വരെയുള്ള ക്ലാസുകൾ ഹൈ ടെക്ക് ആക്കി മാറ്റൽ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Albert Jose (Senior Grade Auditor, On 28-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-04-2022) | 1-25 |
| 27 | പൂവത്തിൻചോല ചിറപ്പുറത്ത് റോഡിന് കലുങ്ക് - തുക തിരികെ ലഭ്യമാക്കേണ്ടതാണ്.<br>Written By: Pradeep Kumar M (Audit Officer, On 02-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 1-26 |
| 28 | ക്ഷേമപെൻഷൻ വിതരണത്തിലെ അപാകതകൾ<br>Written By: Vipina Valsaraj (Senior Grade Auditor, On 26-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Pradeep Kumar M (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-04-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sreeja.K (Auditor, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Pradeep Kumar M (Audit Officer, On 28-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Pradeep Kumar M (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-04-2022) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Sreeja.K (Auditor, On 24-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Pradeep Kumar M (Audit Officer, On 27-02-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 27-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Pradeep Kumar M (Audit Officer, On 02-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Pradeep Kumar M (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Pradeep Kumar M (Audit Officer, On 27-02-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 27-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Pradeep Kumar M (Audit Officer, On 02-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Pradeep Kumar M (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

കേളകം ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 24-03-2020 തീയതിയിലെ 30/2020(1) തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 16-02-2021 ലെ 22/2021 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 6185844 | 9200625 |
| വരവ് | 220413000 | 209700185 |
| ആകെ | 226598844 | 218900810 |
| ചെലവ് | 225017650 | 208871244 |
| നീക്കിയിരിപ്പ് | 1581194 | 10029566 |

## 1-2 വാർഷിക ധനകാര്യ പത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-07-2021 | 26-05-2021 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1. ലൈബ്രറി സെസ്സ് കളക്ഷൻ, വാർഷിക ധനകാര്യ പത്രിക (RP-36) പ്രകാരമുള്ള തുകയും (161913/-) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകയും (161682/-) പൊരുത്തപ്പെടുന്നില്ല.

2-B-18 ഷെഡ്യൂളിൽ Other Advance എന്ന ശീർഷകത്തിൽ 141443/- ക്രമീകരിക്കാൻ ബാക്കിയുണ്ട്. ആയതിൽ 111251/- രൂപ 2015-16,2016-17 കാലയളവിൽ സാക്ഷരത പ്രേരകിന് ഓണറേറിയം ഇനത്തിൽ മുൻകൂർ നൽകിയതാണ്. ഈ തുക നാളിതുവരെയായും ക്രമീകരിച്ചിട്ടില്ല.

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ 110632/- രൂപ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 ചട്ടം 58(4)എച്ച് എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4. വാർഷിക കണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇനത്തിൽ 83036/- രൂപ വരവുണ്ട്. എന്നാൽ Tender Forms രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58, 4(എ))പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

6. പ്രയർ പിരിയഡ് ഇനങ്ങളായി വിവിധ വരവു ചെലവുകളിലും ഡിപ്രീസിയേഷനിലും വ്യത്യാസം വരുത്തിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

7. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62(ഇ), (എഫ്) എന്നിവ പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

8. മാർച്ച് മാസത്തിലെ ഭരണസമിതി അംഗങ്ങളുടെ ഓണറേറിയം, സിറ്റിംഗ് ഫീ, കരാർ ജീവനക്കാരുടെ വേതനം തുടങ്ങിയവ B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. B-11 ഷെഡ്യൂളിൽ ഭൂമിയുടെ മൂല്യം മുഴുവനായും ഉൾപ്പെടുത്തിയിട്ടില്ല.

10. B-11 ഷെഡ്യൂളിൽ Waste Management – Others ഇനത്തിലെ ആസ്തി വർദ്ധനവ് കാലികമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 15755170 |

| | |
|---|---|
| വരവ് | 77413263 |
| ആകെ | 93168433 |
| ചെലവ് | 74992635 |
| നീക്കിയിരിപ്പ് | 18175798 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 245000 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11272471 | 11272471 | 11272471 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 647998 | 647998 | 645750 | 2248 |
| വികസന ഫണ്ട്-'ടി എസ് പി | 0 | 2724522 | 2724522 | 2602122 | 122400 |
| മെയിന്റനൻസ്, റോഡ് | 0 | 13702000 | 13702000 | 13702000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3885302 | 3885302 | 3512589 | 372713 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 10598789 | 10598789 | 7278492 | 3320297 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട് | 0 | 5170000 | 5170000 | 1685669 | 3484331 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| എസ്.എസ്.എ. | 10840 | 345 | 11185 | 0 | 11185 |
| ഐ സി ഡി എസ്-കേന്ദ്രവിഹിതം | 196233 | 782035 | 978268 | 615918 | 362350 |
| എം പി ഫണ്ട് | 95030 | 3160 | 98190 | 0 | 98190 |
| ടി എസ് സി | 704246 | 1541692 | 2245938 | 1747852 | 498086 |
| വെസ്റ്റേൺ ഘട്ട് | 17173 | 599 | 17772 | 17772 | 0 |
| എം എൻ ആർ ഇ ജി എസ്- 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കി യവർക്കുള്ള ബോണസ് | 0 | 146000 | 146000 | 146000 | 0 |
| എം എൻ ആർ ഇ ജി എസ് | 5167 | 44310492 | 44315659 | 44313383 | 2276 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| സാക്ഷരത | 24753 | 874 | 25627 | 0 | 25627 |
| കേരളോത്സവം | 20000 | 0 | 20000 | 0 | 20000 |
| അഗതി രഹിത കേരളം | 1154819 | 1224914 | 2379733 | 2379733 | 0 |

| | | | | | |
|---|---|---|---|---|---|
| ലൈഫ് സംസ്ഥാന വിഹിതം | 0 | 1800000 | 1800000 | 0 | 1800000 |
| അംഗൻവാടികളിൽ നെയിംബോർഡ് | 0 | 69000 | 69000 | 0 | 69000 |
| ഐ ടി ഡി പി | 908354 | 28950 | 937304 | 0 | 937304 |
| തെരഞ്ഞെടുപ്പ് ചെലവ് | 0 | 27000 | 27000 | 27000 | 0 |
| വിമുക്തി | 26220 | 0 | 26220 | 23346 | 2874 |
| കെ എസ് എഫ് ഇ – ഓൺലൈൻ വിദ്യാസഹായി | 0 | 270000 | 270000 | 270000 | 0 |
| അവാർഡ് തുക | 700000 | 0 | 700000 | 190244 | 509756 |

2020-21 വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് സമർപ്പിച്ചിട്ടുണ്ട്.ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം എന്നിവയുടെ ഇനം തിരിച്ചുള്ള വരവ്, ചെലവ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 198 | 10,89,47,868 | 170 | 6,02,53,348 | 39 | 28 | 66 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

<u>നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 11 | 32,70,360 | 24,05,723 | 74 |
| വെറ്ററിനറി സർജ്ജൻ | 7 | 5 | 41,54,043 | 21,10,533 | 56 |
| മെഡിക്കൽ ഓഫീസർ,പി എച്ച് സി | 9 | 6 | 44,87,750 | 22,26,404 | 50 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 1,00,000 | 1,00,000 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 4,00,000 | 4,00,000 | 100 |
| ഫിഷറീസ് സബ്ഇൻസ്പക്ടർ | 2 | 2 | 11,67,000 | 2,07,981 | 18 |
| വി ഇ ഒ (അടക്കാത്തോട്) | 2 | 1 | 16,25,000 | 1,75,000 | 11 |

| | | | | | |
|---|---|---|---|---|---|
| വി ഇ ഒ (കേളകം) | 16 | 13 | 4,20,13,719 | 1,47,51,051 | 84 |
| ഐസിഡിഎസ് സൂപ്പർവൈസർ | 7 | 5 | 35,32,902 | 29,60,497 | 52 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 25,00,000 | 13,00,000 | 63 |
| സെക്രട്ടറി | 32 | 26 | 70,84,286 | 44,75,594 | 35 |
| ഹെഡ് മാസ്റ്റർ | 7 | 7 | 14,93,250 | 14,05,195 | 76 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 90 | 85 | 3,56,60,187 | 2,70,80,246 | 94 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 5 | 14,59,371 | 4,55,124 | 31 |
| ആകെ | 198 | 170 | 10,89,47,868 | 6,02,53,348 | 55 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5167 | 749388 | 754555 | 752279 | 2276 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 43561104 | 43561104 | 43561104 | |
| | 5167 | 44310492 | 44315659 | 44313383 | 2276 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1200 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 1224200 | 962 |
| വിധവാപെൻഷൻ | 8653100 | 6317 |
| വാർദ്ധക്യകാലപെൻഷൻ | 25120200 | 19869 |
| വികലാംഗപെൻഷൻ | 3759700 | 2720 |
| അവിവാഹിത പെൻഷൻ | 270500 | 181 |
| വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-02-2022തീയതിയിൽ 12.20 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13378 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പൊതുവായ പ്രവർത്തനവും നികുതി പിരിവ് പുരോഗതിയും വിലയിരുത്തുകയും

പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകളിൽ ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തപ്പെടുന്നുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി മിനട്സുകൾ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ചർച്ചചെയ്യപ്പെടുന്നതായി കാണുന്നില്ല.

## 1-10 ആസ്തി പരിപാലനം

ഗ്രാമപഞ്ചായത്തിലെ വിവിധ ആസ്തികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ 13-01-2022 വരെയുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ വരുന്ന പുറമ്പോക്ക് ഭൂമികൾ അളന്നതിരിച്ച് പഞ്ചായത്തിന് കൈമാറുന്നതിനായി തഹസിൽദാർക്ക് കത്ത് നല്കിയിട്ടുണ്ടെന്നും, വളയം ചാൽ ചീങ്കണ്ണിപ്പുഴയുടെ പുറമ്പോക്ക് ഭൂമി (സർവേ നം-274, വിസ്തീർണ്ണം-0.6961ഹെക്ടർ), കേളകം വില്ലേജ് ഓഫീസിന് സമീപം ബാവലിപ്പുഴയുടെ ഇടയിലുള്ള തുരുത്ത് (സർവേ നം-933pt,457pt വിസ്തീർണ്ണം-1.1099ഹെക്ടർ), എന്നിവ സർവേ ചെയ്ത് ആസ്തിയിൽ ഉൾപ്പെടുത്തുകയും, അതിർത്തിയിൽ സർവെ കല്ല് സ്ഥാപിക്കുകയും ,ടി പുറമ്പോക്ക് ഭൂമികൾ കയ്യേറാതെ സംരക്ഷിച്ച വരികയും ചെയ്യുന്നുണ്ടെന്ന് സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്.

2014-15 വർഷം 635400 രൂപ ചെലവഴിച്ച് നിർമ്മിച്ച മാലിന്യ സംസ്കരണ പ്ലാന്റ് നിഷ്ക്രീയമായി കിടക്കുകയാണ്. മാലിന്യങ്ങൾ കത്തിച്ചുകളയുന്ന ഇൻസിനേറ്റർ സംവിധാനമാണ് ഒരുക്കിയിരുന്നത്. പൊതുസ്ഥലത്ത് മാലിന്യങ്ങൾ കത്തിച്ചുകളയുന്നത് നിരോധിച്ചിട്ടുള്ളതിനാൽ ഹരിത കേരള മിഷൻ ജില്ലാ കോർഡിനേറ്ററുടെ 04-01-2021 ലെ കത്തിന്റെ അടിസ്ഥാനത്തിൽ ഇൻസിനേറ്റർ കമ്പനിക്ക് തിരികെ നല്കുകയോ, ആക്രിക്ക് തൂക്കി വിൽക്കുകയോ ചെയ്യാൻ ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

2018-19 വർഷം 10,74,621 രൂപ ചെലവഴിച്ച് നിർമ്മിച്ച പ്ലാസ്റ്റിക്ക് ഷ്രെഡിംങ്ങ് യൂണിറ്റ് പ്രദേശ വാസികളുടെ എതിർപ്പ് കാരണം പ്രവർത്തനക്ഷമമാക്കാൻ ഇതേവരെ സാധിച്ചിട്ടില്ല. വേണ്ടത്ര പഠനം നടത്താതെയും ജനങ്ങളെ ബോധവല്കരിക്കാതെയും പ്രോജക്ട് നടപ്പാക്കിയതിനാലാണ് പ്രോജക്ട് ഫലപ്രാപ്തിയിലെത്താതെ പോയത്. പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി ഷ്രെഡിംങ്ങ് യൂണിറ്റ് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പ്ലാസ്റ്റിക്ക് ഷ്രെഡിംങ്ങ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-11 റദ്ദാക്കിയ രസീത് പ്രകാരം വരവ് ചേർത്തു

സാംഖ്യ സോഫ്റ്റ്‌വെയറിലെ ക്യാൻസൽ ചെയ്ത രസീതിയുടെ ലിസ്റ്റ്,2020-21 വർഷത്തെ ഡേ ബുക്ക് എന്നിവ പരിശോധിച്ചതിൽ പ്രകാരം രസീത് റദ്ദാക്കിയിട്ടുണ്ടെങ്കിലും തുക സഞ്ചയ സോഫ്റ്റ്‌വെയറിൽ വരവ് വെച്ചിട്ടുണ്ട്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | റദ്ദാക്കിയ രസീത് നം/ തീയതി | കെട്ടിട നം | കെട്ടിട ഉടമസ്ഥൻ | സഞ്ചയയിൽ വരവ് രേഖപ്പെടുത്തിയ നികുതി |
|---|---|---|---|---|
| 1 | 120030101349 23/10/2020 | 12/238 | ബേബി | 201 |
| 2 | 120030101618 09/11/2020 | 12/388 | കൃഷ്ണൻ എടപ്പാട്ട് | 399 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/24-2-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. റദ്ദാക്കിയ രസീത് പ്രകാരം സഞ്ചയയിൽ വരവ് ചേർത്തിട്ടുള്ളതിനാൽ തുക നഷ്ടമാവാനിടയുണ്ട്. ആയത് പരിശോധിച്ച് തുക നഷ്ടമായിട്ടുണ്ടെങ്കിൽ നഷ്ടത്തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതും ക്യാൻസൽ ചെയ്ത രസീതി എപ്രകാരമാണ് സഞ്ചയയിൽ വരവ് വെച്ചതെന്ന് വ്യക്തമാക്കേണ്ടതുമാണ്.

## 1-12 തൊഴിൽ നികുതി - അപാകങ്ങൾ

പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലെടുക്കുകയും ചട്ടത്തിൽ (1996 പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3)അനുശാസിക്കുന്ന വേതനം കൈപ്പറ്റുകയും ചെയ്യുന്ന എല്ലാവരും നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. എന്നാൽ ഓഡിറ്റിനു ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്റർ

പരിശോധിച്ചതിൽ പ്രകാരം സർക്കാർ ജീവനക്കാരെയും നാമമാത്രമായ സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരെയും മാത്രമെ തൊഴിൽനികതി പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളു. 500-ൽ അധികം വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് എഫ് ടി ഇ & ഒ എസ് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും സർക്കാർ സ്ഥാപനങ്ങളിലെ ഉൾപ്പെടെ ആകെ നൂറ്റമ്പതോളം സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും മാത്രമെ തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം നോട്ടീസ് നൽകി നികുതി ഈടാക്കുന്നുള്ളു.2020-21 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത മുപ്പതോളം വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് സാഹചര്യമായതിനാൽ പരിമിതമായ ജീവനക്കാരെ വച്ചാണ് സ്ഥാപനങ്ങൾ പ്രവർത്തിച്ചിട്ടുള്ളതെന്നാണ് അറിയിച്ചിട്ടുള്ളത്.ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട തുക മുഴുവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് ആക്റ്റ് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകി വിവരങ്ങൾ ശേഖരിക്കേണ്ടതും വരുമാനം കണക്കാക്കി നിയമാനുസൃതമായ ഇളവുകളില്ലാത്ത എല്ലാ വിഭാഗം ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-13 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്

സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി FTE&OS ലൈസൻസിന്റെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങളെ കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 13 വാർഡുകളിലായി 507 സ്ഥാപനങ്ങളാണുള്ളത്. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം 558 സ്ഥാപനങ്ങൾക്ക് 2020-21 ൽ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ലിസ്റ്റ് കാലികമല്ല എന്ന് വിലയിരുത്തുന്നു. കൂടാതെ സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, വ്യവസായം എന്നീ ഉപയോഗക്രമങ്ങളിലായി ആയിരത്തി അഞ്ഞൂറിലധികം കെട്ടിടങ്ങൾ ഉള്ളതായി കാണുന്നു. യഥാർത്ഥത്തിൽ പഞ്ചായത്ത് പരിധിയിലുള്ള വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തിനാൽ എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നീ നികുതി ഇനങ്ങളിൽ വരുമാന ചോർച്ച സംഭവിക്കാൻ ഇടയുണ്ട്. ഗ്രാമ പഞ്ചായത്തിലുള്ള 13 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ്തയ്യാറാക്കി ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്.

## 1-14 ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീസിനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ഇതുവരെ ലഭിച്ചിട്ടില്ല. 2014-15 വർഷം മുതലുള്ള തുകകൾ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതുണ്ട്. ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ-5/21-02-2022) സെക്രട്ടറിയുടെ മറുപടിയിൽ 2014-15 മുതൽ 2018-19 വർഷം വരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ വിവരം നല്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വർഷം | ടെണ്ടർ ഫീസിനത്തിൽ ലഭിക്കാനുള്ള തുക |
|---|---|---|
| 1 | 2014-15 | 20475 |

| | | |
|---|---|---|
| 2 | 2015-16 | 28140 |
| 3 | 2016-17 | 41480 |
| 4 | 2017-18 | 64364 |
| 5 | 2018-19 | 124716 |
| | ആകെ | 279175 |

മേൽ തുക ലഭ്യമാക്കുന്നതിന് വേണ്ടി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്തയച്ചിട്ടുണ്ടെന്നും തുടർ വർഷങ്ങളിലെ തുക ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ടെണ്ടർ ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 282(1) എ പ്രകാരവും, 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്), ചട്ടം 79 പ്രകാരവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിൽ പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തിയിട്ടുള്ളതിനാൽ 14-1-2020 ലെ സർക്കുലർ നമ്പർ എസി 1/125/2019-തസ്വഭവ പ്രകാരം തുടർച്ചയായി മൂന്ന് വർഷത്തിലധികമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകകൾ മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2020-21 ലെ വാർഷിക ധനകാര്യപത്രിക ബി 7 ഷെഡ്യൂൾ പ്രകാരം വിവിധ ഇനങ്ങളിലെ ഡെപ്പോസിറ്റായി ആകെ ₹1173772 നീക്കിയിരിപ്പുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം ഇപ്രകാരം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. 2013 മുതൽ ലഭിച്ച തുകകൾ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/21-2-2022) മറുപടിയായി കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നീക്കിയിരിപ്പായിട്ടുള്ള ഡെപ്പോസിറ്റ് തുകകൾ കൃത്യമായി പരിശോധിച്ച് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ സംബന്ധിച്ച വിവരം ധനകാര്യ കമ്മിറ്റിയിലും ജനറൽ കമ്മിറ്റിയിലും ബോധ്യപ്പെടുത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## 1-16 കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -കെൽട്രോണിന് ₹4593അധികം നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ,കേളകം ഗ്രാമപഞ്ചായത്ത് |
| പ്രൊജക്ട് നമ്പർ / പേര് | 5/21 പഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | ₹100000 തനത് ഫണ്ട്<br>₹150000 വികസന ഫണ്ട് |
| ചെലവ് | ₹23336 വൗച്ചർ നമ്പർ/തിയതി : 22000676/27.11.20<br>₹119391 BRN20220552011601177817/02.03.21<br>ആകെ ₹142727 |

പഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന മേൽ പദ്ധതി പ്രകാരം ₹23336 തനത് ഫണ്ട് ചെലവഴിച്ച് കോർപറേറ്റ് ബിസിനസ് സൊല്യൂഷനിൽ നിന്നും ഒരു പ്രിന്ററും ₹119391 വികസനഫണ്ട് ഉപയോഗിച്ച് കെൽട്രോണിൽ നിന്നും 3 കംപ്യൂട്ടറും വാങ്ങിയിട്ടുണ്ട്. കെൽട്രോൺ സമർപ്പിച്ച പ്രോഫോർമ ഇൻവോയ്സ് നമ്പർ TVM/ITBG/PI/RC/22249/20-21പ്രകാരമാണ് 3 കംപ്യൂട്ടറുകൾക്ക് ₹119391 നൽകിയത്. എന്നാൽ പിന്നീട് ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സിൽ 3 കംപ്യൂട്ടറുകൾക്ക് വില ₹ 114798 മാത്രമാണ്. അങ്ങനെയെങ്കിൽ കെൽട്രോണിന് ₹4593 അധികം നൽകിയിട്ടുണ്ട്. ഈ തുക തിരികെ ലഭിച്ചിട്ടുണ്ടോ എന്നന്വേഷിച്ച ഓഡിറ്റ്

എൻക്വയറി നമ്പർ 7/21.02.22 ക്ക് അധികം നൽകിയ തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് തിരികെ ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 മഴക്കാല പൂർവ ശുചീകരണം തുക വിനിയോഗിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. ₹1,95,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി വൗച്ചർ നമ്പർ 22000148/08.06.20 പ്രകാരം 13 വാർഡുകൾക്ക് ₹5000 നിരക്കിൽ പഞ്ചായത്ത് വിഹിതമായി ₹65,000 മെഡിക്കൽ ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ ശുചിത്വമിഷൻ വിഹിതമായി ₹130000 യും (10000x13) ചെലവഴിച്ചിട്ടുണ്ട്. ഈ തുക 13 വാർഡ് കൺവീനർമാരുടെയും അക്കൗണ്ടുകളിലേക്ക് നൽകുകയാണ് ചെയ്തത്. തുക വിനിയോഗിച്ചതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. വിനിയോഗ വിവരങ്ങൾ വാർഡ് തല സമിതികളിൽ നിന്ന് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 27/24-2-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ചെലവ് രേഖകളും വിനിയോഗസാക്ഷ്യപത്രവും പരിശോധനക്ക് ലഭ്യമാക്കുന്നതാണെന്നാണ് മറുപടി നൽകിയത്. ചെലവ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഇല്ലാത്തതിനാൽ ₹195000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 ഐ.കെ.എം ന് വിഹിതം നൽകൽ-കൈപ്പറ്റ് രസീതും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ / പേര് | 2/21 ഐ.കെ.എം ന് വിഹിതം നൽകൽ |
| അടങ്കൽ | ₹80510 വികസന ഫണ്ട് |
| ചെലവ് | ₹80,510 ബിൽ നമ്പർ /തിയതി : 202205520011600150184/10.05.20 |

2020-21 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് വിഹിതമായി ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയ ₹80510 യുടെ കൈപ്പറ്റ് രശീതിയും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-19 കുടിവെള്ള വിതരണം അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 170/21പഞ്ചായത്തിലെ വരൾച്ചബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം |
| അടങ്കൽ | 210000 തനത്ഫണ്ട് |
| ചെലവ് | ₹203400<br>വൗച്ചർ നമ്പർ 22000194/24.06.20 |

കേളകം ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം നടത്തിയതിന്റെ ചെലവ് തുക കരാറുകാരന് നൽകുന്നതിന് വേണ്ടിയാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. അംഗീകൃത ക്വട്ടേഷൻ(കേളകം ഗ്രാമപഞ്ചായത്തിന്റെ 23.04.20ലെ 36/2020നമ്പർ തീരുമാനം) പ്രകാരം 36 ദിവസം 5650രൂപ നിരക്കിൽ കരാറുകാരന് ചെലവായ 203400 രൂപയിൽ 1% ആദായനികുതി കിഴിച്ച് ബാക്കി ₹201366 കരാറുകാരന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് ഫയൽ പരിശോധനയിൽ കണ്ട അപാകങ്ങൾ താഴെ കൊടുക്കുന്നു

1. കുടിവെള്ളം വിതരണം നടത്തുന്ന വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്,പുറപ്പെടുന്ന സ്ഥലം ,സമയം,സഞ്ചരിച്ച ദൂരം,കുടിവെള്ളം വിതരണം ചെയ്ത സ്ഥലം,കിലോമീറ്റർ, സമയം,വെള്ളത്തിന്റെ അളവ് തുടങ്ങിയ വിവരങ്ങൾ കരാറുകാരൻ

രേഖപ്പെടുത്തേണ്ടതാണെന്നും ആയത് വാർഡ് മെമ്പറെക്കൊണ്ട് അതാത് ദിവസങ്ങളിൽ സാക്ഷ്യപ്പെടുത്തി ഗ്രാമപഞ്ചായത്തിനെ അറിയിക്കണമെന്നും സ.ഉ (സാധാ) നം. 500 /2019/2.3.2019 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.ഇപ്രകാരം ലഭിക്കുന്ന ട്രിപ്പ് ഷീറ്റുകൾ പരിശോധിച്ച് അതാത് ദിവസം തന്നെ തദ്ദേശസ്ഥാപനത്തിന്റെ പ്രസിഡണ്ടും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ പ്രസിഡണ്ട്,സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തിയ ട്രിപ്പ് ഷീറ്റ് ഫയലിൽ ലഭ്യമല്ല.

2.സ.ഉ (സാധാ) നം. 500 /2019/2.3.2019 ഉത്തരവ് പ്രകാരം ജി.പി.എസ് ഘടിപ്പിച്ച വാഹനത്തിലാണ് കുടിവെള്ളം വിതരണം ചെയ്യേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വാഹനത്തിൽ (കെ.എൽ-58-എസ്-2844) ജി.പി.എസ് ഘടിപ്പിച്ചതിന്റെ രേഖ ഫയലിൽ ലഭ്യമല്ല.

3.GPS ലോഗ്, വാഹനത്തിന്റെ ലോഗ് ബുക്ക്, ട്രിപ്പ് ഷീറ്റ് മുതലായവ ചെക്ക് ചെയ്ത് സുതാര്യത ഉറപ്പു വരുത്തിയതിന് ശേഷം മാത്രമേ കരാറുകാരന് തുക അനുവദിക്കാവൂ എന്ന് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വാഹനത്തിന്റെ ലോഗ് ബുക്ക് , ജി.പി.എസ് ലോഗ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4.ജല മലിനീകരണം ഇല്ല എന്ന് ജല അതോറിററിയോ/ഭക്ഷ്യ സുരക്ഷ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. അപ്രകാരം സാക്ഷ്യപ്പെടുത്തലുകളില്ലാതെയാണ് കുടിവെള്ള വിതരണം നടത്തിയിരിക്കുന്നത്.

5. വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകളിൽ നിന്നാണ് കുടിവെള്ളം ശേഖരിച്ചതെങ്കിൽ കുടിവെള്ളം ശേഖരിച്ചതിന്റെ പ്രതിദിനകണക്കുകൾ ഉൾപ്പെടുത്തി വാട്ടർ അതോറിറ്റി നൽകുന്ന സാക്ഷ്യപത്രം ഫയലിൽ ഇല്ല.

മേൽ അപാകങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 32/23.02.22ന് കുടിവെള്ളവിതരണം നടത്തിയത് ലോക് ഡൗൺകാലത്തായിരുന്നതിനാൽ ജി.പി.എസ് ഘടിപ്പിക്കുന്നതിനോ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിനോ സാധ്യമാകാതെ വന്നതാണെന്ന മറുപടി നൽകിയിട്ടുണ്ട്. കൂടുതൽ മെച്ചം ദിവസവാടകയായതിനാൽ ആ നിരക്കിലാണ് കരാറുകാരന് തുക നൽകിയതെന്നും ദിവസവാടക ആയതിനാൽ വാഹനത്തിന്റെ ലോഗ് ബുക്ക് , ട്രിപ്പ് ഷീറ്റ് മുതലായവ പരിശോധിച്ചിട്ടില്ലെന്നും വാട്ടർ അതോറിറ്റിയിൽ നിന്നും ജലമലിനീകരണസാക്ഷ്യപത്രം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമായില്ലെന്നും അറിയിച്ചിട്ടുണ്ട്. കുടിവെള്ളശേഖരണം പ്രതിദിന സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുടിവെള്ള വിതരണം സർക്കാർ ഉത്തരവുകൾ പാലിച്ചുകൊണ്ട് നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 PHC യിലേക്ക് മരുന്ന് വാങ്ങൽ ₹195379 മരുന്ന് ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| പ്രോജക്ടിന്റെ നമ്പരും പേരും | 84/21 PHC യിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹400000 റോഡിതരസംരക്ഷണഗ്രാന്റ് |
| ചെലവ് | ₹400000<br>Bill No.20/20.01.21 |

PHC യിലേക്ക് മരുന്ന് വാങ്ങൽ എന്ന മേൽപദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി ₹400000 മുകളിൽ കൊടുത്ത പ്രകാരം KMSCLന് കൈമാറിയിട്ടുണ്ട്. എന്നാൽ മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

1.പ്രോഫോർമ ഇൻവോയ്സ് നമ്പർ 4274/08.01.21 ന്റെ അടിസ്ഥാനത്തിൽ ₹400000 KMSCLന് കൈമാറിയതിൽ താഴെ പറയും പ്രകാരം മരുന്നുകൾ ലഭ്യമായിട്ടുണ്ട്.

| ക്രമനമ്പർ | ഇൻവോയ്സ് നമ്പർ,തീയ്യതി | ₹തുക |
|---|---|---|
| 1 | 330/22.04.21 | 150871 |
| 2 | 26/23-04-21 | 53750 |
| | ആകെ | 204621 |

₹ 400000 – ₹204621 = ₹195379 രൂപയുടെ മരുന്നുകൾ ലഭിക്കുവാൻ ബാക്കിയുണ്ട്.

1) 14.02.18 ലെ ജി.ഒ(എം.എസ്) 22/18തസ്വഭവ നമ്പർ ഉത്തരവിലെ 7.5.3 ഖണ്ഡിക പ്രകാരം ജില്ല മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങുന്നതിന് തുക ചെലവഴിക്കാൻ പാടില്ല. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

2) ₹ 400000 മരുന്ന് വാങ്ങുന്നതിന് ചെലവഴിച്ചതിൽ ആകെ 195379 രൂപയ്ക്കുള്ള മരുന്നുകൾ ലഭിക്കുവാൻ ബാക്കിയുണ്ട്.

ഇത് എത്രയും പെട്ടെന്ന് ലഭിക്കാനുള്ള നടപടി കൈക്കൊള്ളുകയും മുഴവൻ മരുന്നുകളും ലഭിച്ച എന്നുറപ്പുവരുത്തി വിവരം ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 1-21 ജീവൻ രക്ഷ മരുന്ന് വാങ്ങൽ ₹69305 മരുന്ന് ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| പ്രോജക്ടിന്റെ നമ്പരും പേരും | 207/21 ജീവൻ രക്ഷ മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹150000 റോഡിതരസംരക്ഷണഗ്രാന്റ് |
| ചെലവ് | ₹150000<br>Bill No.22/04.03.21<br>₹150000 |

ജീവൻ രക്ഷ മരുന്ന് വാങ്ങൽ മരുന്ന് വാങ്ങൽ എന്ന മേൽപദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി ₹150000 മുകളിൽ കൊടുത്ത പ്രകാരം KMSCLന് കൈമാറിയിട്ടുണ്ട്. എന്നാൽ മുഴവൻ മരുന്നുകളും ലഭ്യമായിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

1.പ്രോഫോർമ ഇൻവോയ്സ് നമ്പർ 4509/22.01.22 ന്റെ അടിസ്ഥാനത്തിൽ ₹150000 KMSCLന് കൈമാറിയതിൽ താഴെ പറയും പ്രകാരം മരുന്നുകൾ ലഭ്യമായിട്ടുണ്ട്.

| ക്രമനമ്പർ | ഇൻവോയ്സ് നമ്പർ,തീയ്യതി | ₹തുക |
|---|---|---|
| 1 | 2881/24.06.21 | 63,223 |
| 2 | 11579/19.01.22 | 17472 |
| | ആകെ | 80695 |

(₹ 150000 – ₹80695 )₹69305 രൂപയുടെ മരുന്നുകൾ ലഭിക്കുവാൻ ബാക്കിയുണ്ട്.

1) 14.02.18 ലെ ജി.ഒ(എം.എസ്) 22/18തസ്വഭവ നമ്പർ ഉത്തരവിലെ 7.5.3 ഖണ്ഡിക പ്രകാരം ജില്ല മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങുന്നതിന് തുക ചെലവഴിക്കാൻ പാടില്ല. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

2) ₹ 150000 മരുന്ന് വാങ്ങുന്നതിന് ചെലവഴിച്ചതിൽ ആകെ 69305 രൂപയ്ക്കുള്ള മരുന്നുകൾ ലഭിക്കുവാൻ ബാക്കിയുണ്ട്. ഇത് എത്രയും പെട്ടെന്ന് ലഭിക്കാനുള്ള നടപടി കൈക്കൊള്ളുകയും മുഴവൻ മരുന്നുകളും ലഭിച്ച എന്നുറപ്പുവരുത്തി വിവരം ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 1-22 ഗവ.ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ - എൻ.എ.സി ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പ്രോജക്ടിന്റെ നമ്പരും പേരും | 75/21 ഗവ.ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹1,00,000 മെയിന്റനൻസ് ഗ്രാന്റ്,നോൺ റോഡ് |
| ചെലവ് | ₹1,00,000 മെയിന്റനൻസ് ഗ്രാന്റ്,നോൺ റോഡ് |
| ബിൽ നമ്പർ/തീയതി | 1/2021-21, 09-02-2021 |

മേൽ പ്രോജക്ട് പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോപ്പറേറ്റീവ് ഫാർമസി ,ആലപ്പുഴയിൽ നിന്നും ₹1,00,000 ടെ മരുന്ന് വാങ്ങിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ)നം.22/2018/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ 7.5.3 ഖണ്ഡികയിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നുകൾ വാങ്ങാനോ മരുന്നിന് വേണ്ടി തുക ചെലവഴിക്കാനോ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനക്കായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-2/18-02-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-23 സാമൂഹ്യസുരക്ഷാമിഷന് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രവും കൈപ്പറ്റ് രസീതും ലഭ്യമാക്കിയിട്ടില്ല.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 9/21 കേരളസാമൂഹ്യസുരക്ഷാമിഷന് കോക്ളിയാർ ഇംപ്ളാന്റുകളുടെ മെയിന്റനൻസിനുള്ള വിഹിതം നൽകൽ | 138/21 കേരളസാമൂഹ്യസുരക്ഷാമിഷന് കോക്ളിയാർ ഇംപ്ളാന്റുകളുടെ മെയിന്റനൻസിനുള്ള വിഹിതം നൽകൽ |
| അടങ്കൽ | ₹150000 വികസന ഫണ്ട് – ജനറൽ | ₹150000 വികസന ഫണ്ട് – ജനറൽ |
| | ₹150000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ₹50000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| | ആകെ : ₹300000 | ആകെ : ₹200000 |
| ചെലവ് | ₹150000 വികസന ഫണ്ട് – ജനറൽ | ₹150000 വികസന ഫണ്ട് – ജനറൽ |
| ബിൽ നമ്പർ/ തീയതി | 20220552011001265389/16.03.21 | 20220552011000029315/11.04.20 |
| പ്രോജക്ട് ലക്ഷ്യം | കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി ചെയ്ത 6ഗുണഭോക്താക്കൾക്ക് ഒരാൾക്ക് 50000 രൂപ വീതം ₹150000 വികസന ഫണ്ടും ₹150000 ബ്ലോക്ക് പഞ്ചായത്ത് വിഹിതവും കേരളസാമൂഹ്യസുരക്ഷാമിഷന് കൈമാറൽ | കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി ചെയ്ത 5ഗുണഭോക്താക്കൾക്ക് ഒരാൾക്ക് 50000 രൂപ വീതം ₹150000 വികസന ഫണ്ടും ₹50000 ബ്ലോക്ക് പഞ്ചായത്ത് വിഹിതവും കേരളസാമൂഹ്യസുരക്ഷാമിഷന് കൈമാറൽ |

മുകളിൽ കൊടുത്ത പ്രകാരം കേരളസാമൂഹ്യസുരക്ഷാമിഷന് കൈമാറിയ തുകയുടെ കൈപ്പറ്റ് വിവരവും വിനിയോഗസാക്ഷ്യപത്രവും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ കൈമാറ്റവിവരം ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ22/23.02.22) പ്രോജക്ട് നമ്പർ 9/21 കേരളസാമൂഹ്യസുരക്ഷാമിഷന് കോക്ളിയാർ ഇംപ്ളാന്റുകളുടെ മെയിന്റനൻസിനുള്ള വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ₹150000 വകയിരുത്തിയെങ്കിലും ബ്ലോക്ക് പഞ്ചായത്ത് ഇത്തരമൊരു പദ്ധതി തയ്യാറാക്കിയിട്ടില്ലാതിരുന്നതിനാൽ തുക ലഭിച്ചില്ലെന്നും ആറ് ഗുണഭോക്താക്കൾക്ക് ₹25000 രൂപ വീതം മാത്രമേ വിഹിതം നൽകാനായുള്ളൂ എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.പ്രോജക്ട് നമ്പർ 138/21സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല. തുകയുടെ വിനിയോഗവിവരത്തെക്കുറിച്ചും മറുപടി ലഭ്യമാക്കിയിട്ടില്ല.

സ.ഉ(സാധാ) നമ്പർ 426/2019ത.സ്വ.ഭ.വ തീയ്യതി 26.02.2019 തദ്ദേശഭരണസ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് കോക്ളിയാർ ഇംപ്ലാന്റ് ചെയ്ത ഒരു കുട്ടിക്ക് 50000 രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തെ കുറിച്ച് കൃത്യമായ ധാരണയുണ്ടാക്കാതെ പദ്ധതി തയ്യാറാക്കിയത് മൂലം ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയ തുക അർഹമായ കൈകളിലെത്തിച്ചേർന്നിട്ടുണ്ടെന്ന് ഉറപ്പുവരുത്താനുള്ള ശ്രമങ്ങളും ഉണ്ടായിട്ടില്ല. തുകയുടെ വിനിയോഗവിവരത്തെക്കുറിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-24 ന്യൂട്രിമിക്സ് ഗുണനിലവാരപരിശോധന നടത്തുന്നില്ല

കേളകം ഗ്രാമപഞ്ചായത്തിൽ ആകെ 25 അംഗൻവാടികളാണുള്ളത്. അംഗൻവാടികളിലൂടെ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സിന്റെ ഗുണനിലവാര പരിശോധന ഫുഡ് ലാബുകളിൽ രണ്ട് മാസത്തിൽ ഒരിക്കൽ നടത്തേണ്ടതാണ്. ഗ്രാമപഞ്ചയാത്തിലെ അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സിന്റെ ഗുണനിലവാര പരിശോധന അവസാനമായി നടത്തിയിരിക്കുന്നത് 01.02.19 ന് ആണ്. 3 വർഷമായി ന്യൂട്രിമിക്സ് സാമ്പിളുകൾ ഗുണനിലവാരപരിശോധന നടത്താത്തത് ഗുരുതര വീഴ്ചയാണ്. ആയത് അംഗൻവാടികളുടെ ചുമതലയുള്ള

ക്ഷേമകാര്യസ്റ്റാൻഡിങ് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. കൂടാതെ എല്ലാവർഷവും മെയ് 10നകം തദ്ദേശഭരണസ്ഥാപനത്തിന്റെ എഞ്ചിനീയർ എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ അംഗൻവാടികളിൽ ഇത്തരത്തിലുള്ള പരിശോധന നടത്തി സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ പഞ്ചായത്തിൽ നൽകിയിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24/23-02-22) ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നൽകിയിട്ടുണ്ട്. ക്ഷേമകാര്യസ്റ്റാൻഡിങ് കമ്മിറ്റി ഇക്കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-25 2020-21- ഏഴാം ക്ലാസ് വരെയുള്ള ക്ലാസുകൾ ഹൈ ടെക്ക് ആക്കി മാറ്റൽ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 128/21 ഏഴാം ക്ലാസ് വരെയുള്ള ക്ലാസുകൾ ഹൈ ടെക്ക് ആക്കി മാറ്റൽ (S/O) |
| അടങ്കൽ | ₹150000 വികസന ഫണ്ട് - ജനറൽ<br>75000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>75000 ജില്ല പഞ്ചായത്ത് വിഹിതം |
| ചെലവ് | ₹147556 വികസന ഫണ്ട് - ജനറൽ/ബിൽ നമ്പർ :7 തീ. 16-03-2021<br>75000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം CHQ നമ്പർ 971701/10-03-2021 |

പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മേൽ വിവരിച്ച പ്രകാരം തുക ചെലവ് ചെയ്തിട്ടുണ്ട് .പദ്ധതിയുടെ നടത്തിപ്പിൽ ഓഡിറ്റ് കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രോജക്ട് പ്രകാരം 2 ലാപ്പ് ടോപ്പ്, 2 പ്രിന്റർ എന്നിവ വാങ്ങാനായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ 2 ഡെസ്ക് ടോപ്പ്, 2 പ്രിന്റർ എന്നിവയുടെ വിലയായ 97561/- രൂപയാണ് കെൽട്രോണിന് അനുവദിച്ചതായി കാണുന്നത്. ഡെസ്ക് ടോപ്പ്, പ്രിന്റർ എന്നിവ സ്റ്റോക്കിലെടുത്തതിന്റെ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ, സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുമില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/**19-02-2022**) നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി പ്രകാരം 32085/15-11-2021 നമ്പർ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 2 ലാപ്ടോപ്പുകൾ മാറ്റി പകരം 2 ഡെസ്ക്ടോപ്പ് കംപ്യൂട്ടറുകൾ ഓർഡർ ചെയ്തു എന്നും,മൾട്ടി ഫങ്ഷൻ പ്രിന്റർ ഒരെണ്ണം ഇനി ലഭിക്കാൻ ബാക്കി ഉണ്ടെന്നും അറിയിച്ചിട്ടുണ്ട്.പ്രിന്റർ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-26 പൂവത്തിൻചോല ചിറപ്പുറത്ത് റോഡിന് കലുങ്ക് - തുക തിരികെ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 98/21 പൂവത്തിൻചോല ചിറപ്പുറത്ത് റോഡിന് കലുങ്ക് |
| അടങ്കൽ | ₹50,000 വികസന ഫണ്ട്(പൊതു വിഭാഗം)<br>₹46253 മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>₹96253 |
| ചെലവ് | ₹50,000 വികസന ഫണ്ട്(പൊതു വിഭാഗം)<br>₹42,647 മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>₹92,647 |
| ബിൽ നം/തീയതി | 67/27-02-2021 ₹50,000 വികസന ഫണ്ട്<br>66/27-02-2021 ₹42,647മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |

മേൽ പ്രോജക്ട് നിർവഹണത്തിന്റെ ഭാഗമായി മണ്ണ് പരിശോധന നടത്തുന്നതിനായി കണ്ണൂർ ഗവ. എഞ്ചിനീയറിംഗ് കോളേജ്, സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യുക്കേഷൻ എന്ന സ്ഥാപനത്തിന്, സ്ഥാപനം സമർപ്പിച്ച

ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ ₹91257 അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇതേ പ്രവൃത്തിക്കായി 2019-20 സാമ്പത്തിക വർഷം ഇതേ ഇനത്തിൽ 03-03-2020 ൽ ₹50,000 അഡ്വാൻസായി കണ്ണൂർ ഗവ. എഞ്ചിനീയറിംഗ് കോളേജ്, സെന്റർ ഫോർ കണ്ടിന്യൂയിങ്ങ് എഡ്യുക്കേഷൻ എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. ഇത്തരത്തിൽ തുക അനുവദിക്കാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-26/24-02-2022) മണ്ണ് പരിശോധനക്കായുള്ള തുക ഒടുക്കുന്നതിനുള്ള കണ്ണൂർ ഗവ. എഞ്ചിനീയറിംഗ് കോളേജ്, സെന്റർ ഫോർ കണ്ടിന്യൂയിങ്ങ് എഡ്യുക്കേഷന്റെ 18-07-2020ലെ ഇൻവോയ്സ് ലഭിച്ചപ്പോളാണ് 03-03-2020ന് അഡ്വാൻസായി ഒടുക്കിയ ₹50,000 ഡിസൈനിങ്ങ് ഇനത്തിലാണ് സ്ഥാപനം വരവ് വച്ചത് എന്ന് മനസിലായത് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നല്കിയിട്ടുണ്ട്. ഡിസൈനിങ്ങ് ആവശ്യമില്ലെന്നും, ഡിസൈനിങ്ങ് ഇനത്തിൽ അഡ്വാൻസായി ഒടുക്കിയ ₹50,000 തിരികെ ലഭ്യമാക്കുണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കണ്ണൂർ ഗവ. എഞ്ചിനീയറിംഗ് കോളേജ്, സെന്റർ ഫോർ കണ്ടിന്യൂയിങ്ങ് എഡ്യുക്കേഷൻ എന്ന സ്ഥാപനത്തിന് കത്ത് നല്കിയിട്ടുണ്ട് എന്നും തുക തിരികെ ലഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. അഡ്വാൻസായി ഒടുക്കിയ 50000/- രൂപ കിഴിച്ചുള്ള സംഖ്യ മാത്രമേ കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, സെന്റർ ഫോർ കണ്ടിന്യൂയിങ്ങ് എഡ്യുക്കേഷൻ എന്ന സ്ഥാപനത്തിന് ഒടുക്കേണ്ടിയിരുന്നുള്ളൂ. ആയതിനാൽ 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-27 ക്ഷേമപെൻഷൻ വിതരണത്തിലെ അപാകതകൾ

കേളകം ഗ്രാമപഞ്ചായത്തിലെ 2020 ലെ മരണ രജിസ്റ്റർ അടിസ്ഥാനമാക്കി, ഈ ഓഫീസിൽ നിന്നും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതും മരണപ്പെട്ടവരുമായ വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധന നടത്തിയപ്പോൾ മരണപ്പെട്ടതിനുശേഷവും ചില വ്യക്തികളുടെ ബാങ്ക് അക്കൗണ്ടുകളിൽ പെൻഷൻ തുക ക്രെഡിറ്റ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണ വിവരങ്ങൾ |
|---|---|---|---|---|
| ടി.എം.മാത്യു | 827631242885 | 11174001207 | 14.04.20 | 01/2022വരെ വാർദ്ധക്യകാല പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു. ഇദ്ദേഹം കോളയാട് ഗ്രാമ പഞ്ചായത്തിൽ നിന്നാണ് പെൻഷൻ കൈപ്പറ്റുന്നത്. |
| ജോൺ ഒ ജെ | 655460069316 | 111710201608 | 02.07.20 | 10/2020 വരെ വാർദ്ധക്യകാല പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| നാണു | 704839205908 | 111710200333 | 13-08-20 | 10/2020വരെ വാർദ്ധക്യകാല പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| റോസമ്മ | 285506685922 | 111710500001 | 27-09-20 | 10/20 വരെ 50 വയസ്സുകഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിച്ചു. |

ധനവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18 പ്രകാരം മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്തവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാതുമാസം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും സെക്രട്ടറി സേവന സോഫ്റ്റ് വെയറിൽ നിന്ന് സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് അപാകം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ക്ഷേമ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിച്ച് മരണമടഞ്ഞ ഗുണഭോക്താക്കളുടെ പെൻഷൻ തടസ്സപ്പെടുത്തേണ്ടതാണ്. മരണമടഞ്ഞതിന് ശേഷവും പെൻഷൻ തുക കൈപ്പറ്റിയ മുഴുവൻ ഗുണഭോക്താക്കളെയും കണ്ടെത്തി അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 22-02-2022, 23-02-2022 | കെ.എസ്.എ./കെ.എൻ.ആർ./ സി.11/325/2022 തീയതിഃ 25.04.2022 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2020-21 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകയുടെ വിനിയോഗ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 1165040 | 113/21 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1165040 |
| 2 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 50000 | 271/21 ആട്ടുവളർത്തൽ മിനി ഫാം | 50000 |
| 3 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 200000 | 66/21 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 |
| 4 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 296770 | 80/21 സാന്ത്വന പരിചരണ പദ്ധതി | 296770 |
| 5 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 54043 | 201/21 വീട്ടുവളപ്പിൽ ബയോഫ്ലോക്ക് മത്സ്യ കൃഷി | 54043 |
| 6 | കണ്ണൂർ | 49946 | 244/21 | 49946 |

| | | | | |
|---|---|---|---|---|
| | ജില്ലാ പഞ്ചായത്ത് | | വീട്ടുവളപ്പിൽ മത്സ്യകൃഷി | |
| 7 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 50000 | 99/21 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 50000 |
| 8 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 4724415 | 15/21 ലൈഫ് മിഷൻ ഭവന പദ്ധതി പട്ടികവർഗം | 4724415 |
| 9 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 900000 | 208/21 ലൈഫ് മിഷൻ ഭവന പദ്ധതി ജനറൽ | 900000 |
| 10 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 1492463 | 210/21 ലൈഫ് മിഷൻ ഭവന പട്ടിക വർഗം | 1492463 |
| 11 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 25000 | 175/21 സംയോജിത കൃഷി പ്രോത്സാഹനം | 25000 |
| 12 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 200000 | 66/21 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 |
| 13 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 1150000 | 99/21 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1150000 |
| 14 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 3235463 | 15/21 ലൈഫ് മിഷൻ ഭവന പദ്ധതി പട്ടികവർഗം | 3235463 |
| 15 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 150000 | 16/21 അഗതി രഹിത കേരളം (വീട് വാസയോഗ്യമാക്കൽ) | 150000 |
| 16 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 61200 | 196/21 കരനെൽകൃഷി | 61200 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി മുൻ വർഷം ലഭിച്ച തുകയിൽ 75000/- രൂപ ഏഴാം ക്ലാസ് വരെയുള്ള ക്ലാസുകൾ ഹൈടെക്ക് ആക്കി മാറ്റൽ(128/21),100000 രൂപ ലൈഫ് മിഷൻ ഭവന പദ്ധതി ജനറൽ (208/21),618938 രൂപ കുണ്ടേരി അങ്കണവാടിക്ക് തൊഴിലുറപ്പ് മുഖേനയുള്ള കെട്ടിടനിർമാണം എന്നീ പ്രൊജക്ടുകൾക്കായി തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

## <u>4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ</u>

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ | പ്രവൃത്തിയുടെ | വൗച്ചർ നമ്പർ/ ചെക്ക് | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് | നം. | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 79/21-പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 20220552011600494335 തീയതി-04-09-2020 | 560000 | 560000 | 0 |
| കെ.എസ്.ഇ.ബി | 89/21സ്ട്രീറ്റ്മെയിൻ ലൈൻ വലിക്കൽ | | 548232 | 548232 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം/ | ഉത്തരവ് നമ്പർ | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.(സാ) നം.274/2010 Dt.27.01.2010 | | 95 | -- | -- | 95 |
| ലൈഫ് മിഷൻ പദ്ധതി (ഹഡ്കോ) | ജി.ഒ. (എം.എസ്) നം.68/2018 Dated 18.5.2018 | 536440+ 5720000 | 5874086 | 190157 | -- | 5683929 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 19223 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1999-2000 | 3-7 | 1632 | സെക്രട്ടറി, കേളകം ഗ്രാമ പഞ്ചായത്ത് | 120030100430 തീയതി.06-07-2020 |
| 2000-01 | 3-10 | 660 | മെഡിക്കൽ ഓഫീസർ,പി.എച്.സി | 120030100429 തീയതി.06-07-2020 |
| 2001-02 | 2-2 | 563 | സെക്രട്ടറി, കേളകം ഗ്രാമ പഞ്ചായത്ത് | 120030100422 തീയതി.06-07-2020 |
| 2001-02 | 2-2 | 25 | സെക്രട്ടറി, കേളകം ഗ്രാമ പഞ്ചായത്ത് | 120030100423 തീയതി.06-07-2020 |

| | | | | |
|---|---|---|---|---|
| 2001-02 | 2-2 | 63 | സെക്രട്ടറി, കേളകം ഗ്രാമ പഞ്ചായത്ത് | 120030100424 തീയതി.06-07-2020 |
| 2001-02 | 2-2 | 25 | സെക്രട്ടറി, കേളകം ഗ്രാമ പഞ്ചായത്ത് | 120030100425 തീയതി.06-07-2020 |
| 2001-02 | 2-2 | 63 | സെക്രട്ടറി, കേളകം ഗ്രാമ പഞ്ചായത്ത് | 120030100426 തീയതി.06-07-2020 |
| 2001-02 | 2-5 | 578 | സെക്രട്ടറി, കേളകം ഗ്രാമ പഞ്ചായത്ത് | 120030100428 തീയതി.06-07-2020 |
| 2001-02 | 2-5 | 454 | സെക്രട്ടറി, കേളകം ഗ്രാമ പഞ്ചായത്ത് | 120030100433 തീയതി.06-07-2020 |
| 2011-12, 2012-13 | 2-1 | 480 | വാളുവെട്ടിക്കൽ ചിറ്റ്സ് | 120030100431 തീയതി.06-07-2020 |
| 2011-12, 2012-13 | 2-1 | 480 | സോന ഫിനാൻസ് | 120030100432 തീയതി.06-07-2020 |
| 2011-12, 2012-13 | 2-1 | 600 | പ്രേമരാജൻ | 120030100434 തീയതി.06-07-2020 |
| 2011-12, 2012-13 | 2-1 | 600 | വേണുഗോപാൽ | 120030100435 തീയതി.06-07-2020 |
| 2013-14, 2014-15 | 2-1 എ | 600 | എൽദോ കുര്യാക്കോസ്,കേരള ഗ്രാമീൺ ബാങ്ക് | 120030100418 തീയതി.06-07-2020 |
| 2013-14, 2014-15 | 2-1 എ | 300 | കവിത,കേരള ഗ്രാമീൺ ബാങ്ക് | 120030100419 തീയതി.06-07-2020 |
| 2013-14, 2014-15 | 2-1 ബി | 600 | മെഡ്വിൻ ലാബ് | 120030100420 തീയതി.06-07-2020 |
| 2017-18 | 2-1 | 500 | അന്ന പോൾട്രി ഫാം | 120030100744 തീയതി.07-08-2020 |
| 2018-19 | 1-14(2) | 10000 | ഡയറക്ടർ, കൊട്ടിയൂർ മെറ്റൽ | 120030101596 തീയതി.05-11-2020 |
| 2017-18 | 2-1 | 250 | റാണ ഫാം | 120030104755 തീയതി.22-02-2021 |
| 2017-18 | 2-1 | 250 | എയിഞ്ചൽ ഫാം | 120030104756 തീയതി.22-02-2021 |
| 2017-18 | 2-1 | 250 | തനിമ ഫാം | 120030104757 |

| | | | | |
|---|---|---|---|---|
| | | | | തീയതി.22-02-2021 |
| 2017-18 | 2-1 | 250 | നാട്ടുവാഴി ഫാം | 120030104758 തീയതി.22-02-2021 |
| ആകെ | | 19223 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 10 | 2003-04 | 3.13.17 | കാർഷികോപകരണ വിതരണം | നില നിൽക്കുന്നു |
| 1999-00 | 12 | 2003-04 | 3.13.17 | കശുമാവ് വികസന പദ്ധതി | നില നിൽക്കുന്നു |
| 2014-15 | 2-1 | 2016-17 | 2 | തൊഴിൽ നികുതി | നില നിൽക്കുന്നു |
| 2015-16 | 2-2 | 2016-17 | 2 | തൊഴിൽ നികുതി | നില നിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**ഇല്ല**

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹77413263 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹74992635 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹245000 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | ₹195000 | ശ്രീ.വിനോദ്.പി.കെ സെക്രട്ടറി |
| 1-26 | ₹50000 | ശ്രീ. പ്രശാന്ത് എം.ടി., അസി. എഞ്ചിനീയർ |
| ആകെ | ₹245000 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വിനോദ്.പി.കെ സെക്രട്ടറി | സെക്രട്ടറി കേളകം ഗ്രാമപഞ്ചായത്ത് | പുതിയമഠം, പൊക്കത്തായി ഹൌസ്,കണിച്ചാർ പി.ഒ |
| ശ്രീ.പ്രശാന്ത് എം.ടി. | അസി.എഞ്ചിനീയർ, മൂന്നാർ ഗ്രാമപഞ്ചായത്ത്, ഇടുക്കി | മനശ്ശേരി, ഉണ്ടത്തുമല, പുത്തൻകാവ് പി.ഒ., ചെങ്ങന്നൂർ 689123 |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | നം.കെഎസ്എ/കെ.എൻ.ആർ/ സി11/934/2019 തീയതി03.09.2019 | 5 |
| 1998-99 | നം.കെഎസ്എ/കെ.എൻ.ആർ/ സി11/934/2019 തീയതി03.09.2019 | 5 |
| 1999-00 (പദ്ധതിച്ചെലവ്) | നം.കെഎസ്എ/കെ.എൻ.ആർ/ സി11/934/2019 തീയതി03.09.2019 | 9 |
| 1999-00 തനത് ഫണ്ട്) | നം.കെഎസ്എ/കെ.എൻ.ആർ/ സി11/934/2019 തീയതി03.09.2019 | 7 |
| 2000-01 (പദ്ധതിചെലവ്) | നം.കെഎസ്എ/കെ.എൻ.ആർ/ സി.11/934/2019 തീയതി03.09.2019 | 3 |
| 2000-01 (തനത് ഫണ്ട്) | നം.കെഎസ്എ/കെ.എൻ.ആർ/ സി11/934/2019 തീയതി03.09.2019 | 1 |
| 2001-02 (പദ്ധതിചെലവ്) | നം.കെഎസ്എ/കെ.എൻ.ആർ/ സി11./934/2019 തീയതി03.09.2019 | 1 |
| 2001-02 (തനത് ഫണ്ട്) | നം.കെഎസ്എ/കെ.എൻ.ആർ/ സി.11./934/2019 തീയതി03.09.2019 | 4 |
| 2003-04 | നം.കെഎസ്എ/കെ.എൻ.ആർ/ സി.11/934/2019 തീയതി03.09.2019 | 7 |
| 2004-05 | നം.കെഎസ്എ/കെ.എൻ.ആർ/ സി.11/934/2019 തീയതി03.09.2019 | 1 |
| 2005-06 | നം.കെഎസ്എ/കെ.എൻ.ആർ/ സി.11/934/2019 തീയതി03.09.2019 | 8 |
| 2006-07 | നം.കെഎസ്എ/കെ.എൻ.ആർ/ സി.11/934/2019 തീയതി03.09.2019 | 3 |

| | | |
|---|---|---|
| 2007-08 | നം.കെഎസ്എ/കെ.എൻ.ആർ/ സി.11/934/2019 തീയതി03.09.2019 | 1 |
| 2008-09 | നം.കെഎസ്എ/കെ.എൻ.ആർ/ സി.11/934/2019 തീയതി03.09.2019 | 5 |
| 2009-10 ,2010-11 | നം.കെഎസ്എ/കെ.എൻ.ആർ/ സി.11/934/2019 തീയതി03.09.2019 | 17 |
| 2011-12,2012-13 | നം.കെഎസ്എ/കെ.എൻ.ആർ/ സി.11/934/2019 തീയതി03.09.2019 | 17 |
| 2013-14,2014-15 | നം.കെഎസ്എ/കെ.എൻ.ആർ/ സി.11/934/2019 തീയതി03.09.2019 | 8 |
| 2015-16 | നം.കെഎസ്എ/കെ.എൻ.ആർ/ സി.11/934/2019 തീയതി03.09.2019 | 4 |
| 2016-17 | നം.കെഎസ്എ/കെ.എൻ.ആർ/ സി.11/934/2019 തീയതി03.09.2019 | 6 |
| 2017-18 | നം.കെഎസ്എ/കെ.എൻ.ആർ/ സി.11/934/2019 തീയതി03.09.2019 | 21 |
| 2018-19 | കെ.എസ്.എ-/കെ.എൻ.ആർ- സി-11/107/20 തീയതി 01-02-21 | 14 |
| 2019-20 | കെ.എസ്.എ./കെ.എൻ.ആർ./ സി.11/436/2021 തീയതിഃ 26.05.2021 | 16 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 3-1

## RECEIPT & PAYMENT STATEMENT

| RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 15703396.00 |
| Cash | Cash | RP-40(a) | 51774.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 845510.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 660355.00 |
| 150000000 | Sale & Hire Charges | RP-5 | 160506.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 62527458.00 |
| 171000000 | Interest Earned | RP-9 | 369736.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6546938.00 |
| 340000000 | Deposits Received | RP-34 | 3000.00 |
| 350000000 | Other Liabilities | RP-36 | 1058501.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 4428.00 |
| 311000000 | Earmarked Funds | RP-29 | 3191.00 |
| 340000000 | Deposits Received | RP-34 | 273514.00 |
| 350000000 | Other Liabilities | RP-36 | 316556.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4643570.00 |
| | **Grand total** | | **93168433.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2581749.00 |
| 220000000 | Administrative Expenses | RP-12 | 986576.00 |
| 230000000 | Operations & Maintenance | RP-13 | 1354093.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6465240.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 22733742.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3754435.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 2305406.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 207200.00 |

| | | | |
|---|---|---|---|
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 13426580.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 270000.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 310000.00 |

| | | | |
|---|---|---|---|
| 280000000 | Prior Period item | RP-26 | -16608.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 22433.00 |
| 350000000 | Other Liabilities | RP-36 | 5469936.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 739.00 |
| 280000000 | Prior Period Item | RP-26 | -2760.00 |
| 340000000 | Deposits Received | RP-34 | 160513.00 |
| 350000000 | Other Liabilities | RP-36 | 1754689.00 |
| 410000000 | Fixed Assets | RP-38 | 10221946.00 |
| 412000000 | Capital work in Progress | RP-40 | 697248.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1246872.00 |
| 460000000 | Loans, Advances and Deposits | RP-47 | 1042606.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 18164289.00 |
| Cash | Cash | RP-40(b) | 11509.00 |
| | **Grand Total** | | **93168433.00** |

## Annexure 3-2

## INCOME & EXPENDITURE STATEMENT

| INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 4687406.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 621382.00 |
| 140000000 | Fee & User Charges | I-4(b) | 1025505.00 |
| 150000000 | Sale & Hire Charges | I-5(b) | 162981.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 153220133.00 |
| 171000000 | Interest Earned | I-8 | 369736.00 |
| 180000000 | Other Income | I-9 | 37808.00 |
| | **Total Income** | | **160124951.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 10387171.00 |
| 220000000 | Administrative Expenses | I-11(b) | 1028376.00 |
| 230000000 | Operations & Maintenance | I-12(b) | 1484093.00 |
| 240000000 | Interest & Finance Charges | I-13 | 739.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6914991.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 57530973.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3853935.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 2508806.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 39234900.00 |
| 255000000 | Maintenance Projects | I-14(e) | 13426580.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 270000.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 310000.00 |
| 272000000 | Depreciation | I-17(a) | 9940243.00 |
| | **Total Expenditure** | | **146890807.00** |
| | **Gross Surplus/ Deficit of income over Expenditure** | | **13234144.00** |
| 280000000 | Prior Period Item | I-18 | -1550405.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **14784549.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## Annexure 3-3

## BALANCE SHEET

| BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 3889657.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 21895.00 |
| 312000000 | Reserves | B-3 | 73701771.00 |
| | **Total Reserve & Surplus** | | **77613323.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5686259.00 |
| | **Total Grants, Contributions for Specific Purposes** | | **5686259.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 5684024.00 |
| | **Total Loans** | | **5684024.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1173772.00 |
| 341000000 | Deposits Works | B-8 | 6500.00 |
| 350000000 | Other Liabilities | B-9 | 2896237.00 |
| | **Total Current Liabilities and Provisions** | | **4076509.00** |
| | **TOTAL LIABILITIES** | | **93060115.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 125230595.00 |
| 411000000 | Accumulated Depreciation | B-11 | -53990597.00 |

| | | | |
|---|---|---|---|
| 412000000 | Capital Work in Progress | B-11(a) | 1917625.00 |
| | **Total Fixed Assets** | | **73157623.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 8250.00 |
| 431000000 | Sundry Debtors (Receivables) | B-15 | 1282504.00 |
| 440000000 | Pre-paid Expenses | B-16 | 95.00 |
| 450000000 | Cash and Bank Balance | B-17 | 18175798.00 |
| 460000000 | Loans, Advances and Deposits | B-18 | 435845.00 |

| | |
|---|---|
| **Total Current Assets, Loans and Advances** | **19902492.00** |
| **Other Assets** | |
| **Miscellaneous Expenditure (To the Extent not written off)** | |
| **TOTAL ASSETS** | **93060115.00** |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.